## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 407** **27.09. 2016 ൽ മറുപടിക്ക്**

### വൈദ്യുതി ബോർഡിലെ സൂപ്പർവൈസറി തസ്തികകൾ

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്.

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ഉല്പ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെ സൂപ്പർവൈസറി തസ്തികകളിൽ എൻജിനീയറിംഗ് ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവരെ നിയോഗിക്കണമെന്ന റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേന്ദ്ര വൈദ്യുതി അതോറിട്ടിയുടെ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ചാണ് ചില സൂപ്പർ വൈസറി തസ്തികകളിൽ നിയമനങ്ങൾ നടക്കുന്നതെന്നും ആയതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡിനെതിരെ നടപടി സ്വീകരിക്കാൻ നിശ്ചയിച്ചതായും ഉള്ള കമ്മീഷൻ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡിൽ പ്രമോഷനിലൂടെ വന്ന നല്ല പങ്ക് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സബ് എഞ്ചിനീയർമാർക്കും ഓവർസീയർമാർക്കും ഡിപ്ലോമയോ ഡിഗ്രിയോ ഇല്ലാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കെ.എസ്.ഇ.ബി.യിൽ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി ഉണ്ടാക്കുമോ; | (ബി) കേന്ദ്ര ചട്ടങ്ങൾ പൂർണ്ണമായും നടപ്പിലാക്കേണ്ടി വരുന്ന പക്ഷം ജീവനക്കാരെ ചെറിയ തോതിൽ പുനർ വിന്യസിക്കുകയും പ്രത്യേക തരത്തിലുള്ള പരിശീലനം നൽകേണ്ടിയും വരും. എന്നാൽ കേന്ദ്ര ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഇളവനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |
| (സി) കെ.എസ്.ഇ.ബി.യില് എത്ര അസിസ്റ്റന്റ് എഞ്ചിനീയർ മാരാണുള്ളതെന്നും ഇവരിൽ എത്ര പേരാണ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവരെന്നും വ്യക്തമാക്കുമോ; ഡിപ്ലോമയോ ഡിഗ്രിയോ ഇല്ലാത്ത സബ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി)<br>അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) കേഡർ സ്ട്രെങ്ത് } -2171<br>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) } -317<br><br>__ഡിഗ്രി/ ഡിപ്ലോമ ഇല്ലാത്തവർ__<br>അസിസ്റ്റന്റ് എഞ്ചിനീയർ(ഇല:)-317<br>അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) -6 |

| | |
|---|---|
| | സബ് എഞ്ചിനീയർ (ഇല:) -1577<br>സബ് എഞ്ചിനീയർ (സിവിൽ) -88<br>ഓവർസീയർ (ഇലക്ട്രിക്കൽ) – ഈ തസ്തികയിലേക്ക് വരുന്ന 90% ജീവനക്കാർക്കും ഡിഗ്രി, ഡിപ്ലോമ, ഐ.റ്റി.ഐ. നിർബന്ധമില്ല. 90 % ക്വാട്ടയിൽ 4421 പേർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഓവർസീയർ സിവിൽ തസ്തികയിൽ 14 ഐ.റ്റി.ഐ - ക്കാർ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) സി.ഇ.എ. ചട്ടം പാലിക്കാത്തതിനാൽ വൈദ്യുതി ബോർഡിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; വർഷങ്ങളായി സർവ്വീസിലുള്ള ജീവനക്കാരെ സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്, പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ